# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ബൈസൺവാലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSAIDK7/773/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 08/09/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബൈസൺവാലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAIDK7/773/2021 തീയ്യതി: 08/09/2021

## ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-06-2019 മുതൽ 07-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബീനാകുമാരി സി.ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 09-08-2021 | 17-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2021 | 17-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സണ്ണി എം.യു,ഓഡിറ്റ് ഓഫീസർ
ശ്രീ എം.എസ് രാജീവ്,ഓഡിറ്റ് ഓഫീസർ
ശ്രീ മേജോ കെ ജോർജ്ജ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ എബി എബ്രഹാം,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോമോൻ ഫ്രാൻസിസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ മുഹമ്മദ് ഫാസിൽ ടി.ടി,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മേഴ്സി തോമസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ സുനിൽ പി | സെക്രട്ടറി | 01-04-2019 | 09-08-2019 |
| ശ്രീ. സുനിൽകുമാർ എ.എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-08-2019 | 31-10-2019 |
| ശ്രീ. ലാൽസിംഗ് എസ്. | സെക്രട്ടറി | 01-11-2019 | 23-11-2019 |
| ശ്രീ. സുനിൽകുമാർ എ.എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-11-2019 | 09-12-2019 |
| ശ്രീ. ലാൽസിംഗ് എസ്. | സെക്രട്ടറി | 10-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വിഷ്ണു വിജയൻ | അസി. എൻജിനീയർ | 01-04-2019 | 31-08-2019 |
| ശ്രീ വിശാഖൻ ആർ.എൽ | അസി. എൻജിനീയർ | 01-09-2019 | 12-02-2020 |
| ശ്രീമതി ദിവ്യ കെ.നായർ | അസി. എൻജിനീയർ | 13-02-2020 | 31-03-2020 |
| ശ്രീമതി ജിൻസി ജോസ് | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01-04-2019 | 31-03-2020 |
| ശ്രീമതി അനിറ്റ എൻ ജോൺസ് | വെറ്ററിനറി സർജൻ | 01-04-2019 | 01-12-2019 |
| ശ്രീ തോമസ് മണവാളൻ | വെറ്ററിനറി സർജൻ | 02-12-2019 | 31-03-2020 |
| ശ്രീമതി ബബിത പി.എസ് | കൃഷി ഓഫീസർ | 01-04-2019 | 20-04-2019 |
| ശ്രീമതി സിജി എം.എ | കൃഷി ഓഫീസർ ഇൻ ചാർജ്ജ് | 21-04-2019 | 14-05-2019 |
| ശ്രീമതി ജയന്തി ജെ | കൃഷി ഓഫീസർ ഇൻ ചാർജ്ജ് | 15-05-2019 | 01-06-2019 |
| ശ്രീമതി സിജി എം.എ | കൃഷി ഓഫീസർ ഇൻ ചാർജ്ജ് | 02-06-2019 | 19-10-2019 |

| | | | |
|---|---|---|---|
| ശ്രീമതി ബബിത പി.എസ് | കൃഷി ഓഫീസർ | 20-10-2019 | 22-10-2019 |
| ശ്രീ ഷാജി ഇ.കെ | കൃഷി ഓഫീസർ | 23-10-2019 | 27-11-2019 |
| ശ്രീ സജീവ് എം.ടി | കൃഷി ഓഫീസർ | 28-11-2019 | 31-03-2020 |
| ശ്രീ ജൂഡിൻ ജോൺ ചാക്കോ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷിജിമോൾ കെ.എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2021 |
| ശ്രീ വി.കെ നോബിൾ മാത്യു | ഹെഡ്മാസ്റ്റർ | 01-04-2019 | 03-06-2019 |
| ശ്രീ ചന്ദ്രദാസ് എ | ഹെഡ്മാസ്റ്റർ | 04-06-2019 | 31-03-2020 |
| ശ്രീ റിക്സൻ ജോർജ്ജ് | വി.ഇ.ഒ. | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Majo K George (Senior Grade Auditor, On 17-08-2021)<br>Last Updated By: Benny Mathew (Auditor, On 03-09-2021) | 1-1 |
| 2 | ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല<br>Written By: Majo K George (Senior Grade Auditor, On 17-08-2021)<br>Last Updated By: Benny Mathew (Auditor, On 03-09-2021) | 1-1-1 |
| 3 | ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 17-08-2021)<br>Last Updated By: Benny Mathew (Auditor, On 03-09-2021) | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രിക<br>Written By: Majo K George (Senior Grade Auditor, On 13-08-2021)<br>Last Updated By: Benny Mathew (Auditor, On 03-09-2021) | 1-2 |
| 5 | സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)<br>Written By: Majo K George (Senior Grade Auditor, On 17-08-2021)<br>Last Updated By: Benny Mathew (Auditor, On 03-09-2021) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Benny Mathew (Auditor, On 03-09-2021) | 1-4 |
| 7 | പൊതുവിഭാഗം വികസനഫണ്ട് പൂർണ്ണമായും വിനിയോഗിച്ചില്ല-7.55 ലക്ഷം ലാപ്സായി<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Benny Mathew (Auditor, On 03-09-2021) | 1-4-1 |
| 8 | പ്രത്യേകഘടക പദ്ധതി വികസന ഫണ്ട്-പൂർണ്ണമായി ചെലവഴിച്ചില്ല-16.68 ലക്ഷം ലാപ്സായി<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Benny Mathew (Auditor, On 03-09-2021) | 1-4-2 |
| 9 | പട്ടികവർഗ്ഗ വികസന ഫണ്ട് പൂർണ്ണമായും ചെലവഴിച്ചില്ല-5.83 ലക്ഷം ലാപ്സായി<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Benny Mathew (Auditor, On 03-09-2021) | 1-4-3 |
| 10 | പദ്ധതി അവലോകനം<br>Written By: Majo K George (Senior Grade Auditor, On 17-08-2021)<br>Last Updated By: Benny Mathew (Auditor, On 03-09-2021) | 1-5 |
| 11 | ജി. ഒ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയില്ല<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Benny Mathew (Auditor, On 03-09-2021) | 1-5-1 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.S.Rajeev (Audit Officer, On 17-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-09-2021) | 1-6 |
| 13 | ക്ഷേമ പദ്ധതികൾ<br>Written By: M.U.Sunny (Audit Officer, On 14-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-09-2021) | 1-7 |
| 14 | ക്യാഷ് പരിശോധന<br>Written By: M.U.Sunny (Audit Officer, On 14-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-09-2021) | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം<br>Written By: M.U.Sunny (Audit Officer, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-09-2021) | 1-9 |
| 16 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ | 1-10 |

| | | |
|---|---|---|
| | കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല-വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല.<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-09-2021) | |
| 17 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 17-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-09-2021) | 1-12 |
| 18 | വിവിധ വരവുകളുടെ ഡി.സി.ബി രജിസ്റ്ററുകളും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-09-2021) | 1-13 |
| 19 | തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 17-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-09-2021) | 1-14 |
| 20 | പൊരുത്തപ്പെടുത്തൽ പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 19-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-09-2021) | 1-15 |
| 21 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Eby Abraham (Senior Grade Auditor, On 17-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 03-09-2021) | 1-16 |
| 22 | വസ്തു നികുതി നിർണ്ണയത്തിൽ അപാകത<br>Written By: Eby Abraham (Senior Grade Auditor, On 17-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 06-09-2021) | 1-17 |
| 23 | വെറ്ററിനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ടെണ്ടർ നിരക്കിലും അധികം തുക നൽകി<br>Written By: Jomon Francis (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 06-09-2021) | 1-18 |
| 24 | വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല<br>Written By: Eby Abraham (Senior Grade Auditor, On 17-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 06-09-2021) | 1-19 |
| 25 | പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ-തുക നിക്ഷേപിച്ചിട്ടും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Majo K George (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 06-09-2021) | 1-20 |
| 26 | ഇ-ടെണ്ടർ- ടെണ്ടർ ഫാറവില പഞ്ചായത്തിന് ലഭിച്ചിട്ടില്ല<br>Written By: M.S.Rajeev (Audit Officer, On 22-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 06-09-2021) | 1-21 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | വെറ്ററിനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ - വ്യവസ്ഥ പ്രകാരം അനുവദനീയമല്ലാത്ത ജി എസ് റ്റി തുക അധികമായി നൽകി<br>Written By: Jomon Francis (Senior Grade Auditor, On 18-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 06-09-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക കണക്കുകൾ പരിശോധിച്ച വിവരം<br>Written By: M.U.Sunny (Audit Officer, On 12-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 06-09-2021) | 4-1 |
| 2 | | 4-2 |

| | | |
|---|---|---|
| | സംയുക്ത പദ്ധതികൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.U.Sunny (Audit Officer, On 12-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 06-09-2021) | |
| 3 | നിക്ഷേപ പ്രവൃത്തികൾ<br>Written By: M.U.Sunny (Audit Officer, On 12-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 06-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ മുൻകൂർ വിവരം<br>Written By: M.U.Sunny (Audit Officer, On 12-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 06-09-2021) | 4-4 |
| 5 | വായപ/വായ്പ തിരിച്ചടവ്<br>Written By: M.U.Sunny (Audit Officer, On 12-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 07-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷപം<br>Written By: M.U.Sunny (Audit Officer, On 12-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 06-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.U.Sunny (Audit Officer, On 12-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 06-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jomon Francis (Senior Grade Auditor, On 12-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 06-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jomon Francis (Senior Grade Auditor, On 12-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 06-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.U.Sunny (Audit Officer, On 21-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 06-09-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jomon Francis (Senior Grade Auditor, On 12-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 06-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

26.02.2019 ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹170107704/- വരവും ₹170241996/- ചെലവും ₹2533017/- രൂപ മിച്ചവും വരുന്ന 2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 11.03.2019 ലെ 3-1 തീരുമാന പ്രകാരം അംഗീകാരം നേടി. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 22.02.2019 ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

### 1-1-1 ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15നു മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. എന്നാൽ, സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് അധാരാമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചവരുടെ നിർദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

### 1-1-2 ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അലവോകനം നടത്തുന്നില്ല. അതിനാൽ, 2019-20-ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 5550000 | 4546910 | 1003090 |
| | എ | വസ്തുനികുതി | 4700000 | 3910870 | 789130 |
| | ബി | തൊഴിൽ നികുതി | 850000 | 635940 | 214060 |
| 2 | | നികുതിയിതര വരവുകൾ | 1226000 | 962381 | 263619 |
| | എ | വാടക കെട്ടിടങ്ങൾ | 300000 | 242032 | 57968 |
| | ബി | ലൈസൻസ് | 200000 | 134500 | 65500 |
| | | ബാങ്ക് പലിശ | 200000 | 111001 | 88999 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 6430000 | 6601689 | -171689 |
| 4 | | വികസന ഫണ്ട് | 35200000 | 26440280 | 8759720 |
| 5 | | സംരക്ഷണ ഗ്രാന്റ് | 0 | 12282000 | -12282000 |

| | | | | | |
|---|---|---|---|---|---|
| 6 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 9220000 | 18123823 | -8903823 |
| 7 | | ഭരണ ചെലവുകൾ | 1195000 | 1193569 | 1431 |
| 8 | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 805000 | 988641 | -183641 |
| 9 | | പ്ലാൻ-ഉല്പാദന മേഖല | 4828500 | 1587194 | 3241306 |
| 10 | | പ്ലാൻ-സേവന മേഖല | 73058928 | 20003443 | 53055485 |
| 11 | | പ്ലാൻ-പശ്ചാത്തല മേഖല | 495000 | 1739195 | -1244195 |
| 12 | | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 1749000 | 1482661 | 266339 |
| 13 | | മെയിന്റനൻസ് പ്രോജക്ടുകൾ | 9335000 | 13105282 | -3770282 |

(അവലംബം-2019-20 പുതുക്കിയ ബജറ്റ്, വാർഷിക കണക്കുകൾ, ബജറ്റ് അലോക്കേഷൻ ഉത്തരവുകൾ)
ബജറ്റ് പ്രകാരം സംരക്ഷണ ഗ്രാന്റിന് വരവ് ഇല്ല. എന്നാൽ, വാർഷിക കണക്കുകൾ പ്രകാരം വരവുണ്ട്. ഗ്രാമപഞ്ചായത്തിന് എല്ലാ വർഷവും ലഭിക്കുന്ന സംരക്ഷണ ഗ്രാന്റ് ഉൾപ്പെടുത്താതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് ധനകാര്യ മാനേജ്മെന്റിന്റെ അടിസ്ഥാനശിലയായ ബജറ്റിനെ ലാഘവത്തോടെ പരിഗണിക്കുന്നതു കൊണ്ടാണ്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 04.06.2020 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12296822 |
| വരവ് | 68865066 |
| ആകെ | 81161888 |
| ചെലവ് | 68288474 |
| നീക്കിയിരിപ്പ് | 12873414 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 13439000 | 13439000 | 10415743 | 3023257 | |
| വികസനഫണ്ട് (SCP) | 0 | 3329413 | 3329413 | 1661028 | 1668385 | |
| വികസനഫണ്ട് (TSP) | 0 | 1590900 | 1590900 | 1007186 | 583714 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 321800 | 321800 | 0 | 321800 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 7980967 | 7980967 | 6443095 | 1537872 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9031000 | 9031000 | 7837586 | 1193414 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3251000 | 3251000 | 2742713 | 508287 | |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ (ഇനം തിരിച്ച്) | | | | | | |
| ഐ.സി.ഡി.എസ് | 691980 | 513046 | 1205026 | 0 | 1205026 | |

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ ശ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റസിപ്റ്റ് & പേയ്മെന്റ് ) വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ബജറ്റ് വിഹിതം | അധിക അലോട്ട്മെന്റ് | ലൈഫ് ലോൺ | അംഗൻവാടി ഹോണറേറിയം | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 10439000 | 3000000 | 705882 | 883300 | 11849818 |
| വികസനഫണ്ട് (SCP) | 2909000 | 420413 | 28152 | | 3301261 |
| വികസനഫണ്ട് (TSP) | 1590900 | 0 | 44118 | 0 | 1546782 |

## 1-4-1 പൊതുവിഭാഗം വികസനഫണ്ട് പൂർണ്ണമായും വിനിയോഗിച്ചില്ല-7.55 ലക്ഷം ലാപ്സായി

പൊതു വിഭാഗം വികസന ഫണ്ട് വിഹിതമായ ₹13439000/- ൽ 2019-20 സാമ്പത്തിക വർഷം ₹10415743/- ചെലവഴിച്ചിട്ടുണ്ട്. 2019-20 വർഷം പൂർത്തീകരിക്കുവാൻ സാധിക്കാതെ 2020-21 വർഷത്തിൽ ഉൾപ്പെട്ട സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ലഭിച്ച അധിക അലോട്ട്മെന്റ് ₹2268122/- ഉൾപ്പെടുത്തിയാൽ ചെലവ് ₹12683865/-. സമയന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹755135/- ലാപ്സായി.

## 1-4-2 പ്രത്യേകഘടക പദ്ധതി വികസന ഫണ്ട്-പൂർണ്ണമായി ചെലവഴിച്ചില്ല-16.68 ലക്ഷം ലാപ്സായി

പട്ടികജാതി വിഭാഗം വികസന ഫണ്ട് വിഹിതമായ ₹3329413/- ൽ 2019-20 സാമ്പത്തിക വർഷം ₹1661028/-ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനത്തിൽ ക്യൂ ബില്ലിൽ ഉൾപ്പെട്ട ₹786907/- കൂടി ചേർത്തുള്ള ചെലവ് ₹2447935/- ആണ്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ ₹881478/- ലാപ്സായി. ക്യൂ ബില്ലിൽ ഉൾപ്പെട്ട ബില്ലുകൾ 2020-21 സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ നിന്നും മാറുന്നതിനാൽ യഥാർത്ഥത്തിൽ ലാപ്സായ തുക ₹1668385/- ആണ്.

## 1-4-3 പട്ടികവർഗ്ഗ വികസന ഫണ്ട് പൂർണ്ണമായും ചെലവഴിച്ചില്ല-5.83 ലക്ഷം ലാപ്സായി

പട്ടികവർഗ്ഗ വിഭാഗം വികസന ഫണ്ട് വിഹിതമായ ₹1590900/- ൽ 2019-20 സാമ്പത്തിക വർഷം ₹1007186/-ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനത്തിൽ ക്യൂ ബില്ലിൽ ഉൾപ്പെട്ട ₹199756/- കൂടി ചേർത്തുള്ള ചെലവ് ₹1206942/- ആണ്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ ₹383958/- ലാപ്സായി. ക്യൂ ബില്ലിൽ ഉൾപ്പെട്ട ബില്ലുകൾ 2020-21 സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ നിന്നും മാറുന്നതിനാൽ യഥാർത്ഥത്തിൽ ലാപ്സായ തുക ₹583714/- ആണ്.

1-5 പദ്ധതി അവലോകനം

2019-20 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 165 | 83342329 | 103 | 30076407 | 57 | 5 | 62.42 |

(അവലംബം-സുലേഖ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്)

ലൈഫ് ഭവനപദ്ധതിയ്ക്കായി ₹21180000/- (ലോൺ, സംസ്ഥാനവിഹിതം മുതലായ സ്രോതസുകളിൽ നിന്നും) ചെലവഴിച്ചിട്ടുള്ളത് വെബ് സാംഖ്യയിൽ വൗച്ചർ ജനറേറ്റ് ചെയ്യിട്ടില്ലാത്തതിനാൽ വാർഷിക പദ്ധതി ചെലവിൽ ഉൾപ്പെട്ടിട്ടില്ല.

2019-20 വാർഷിക പദ്ധതി അംഗീകാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ആസൂത്രണ സമിതി | 16.10.2018 |
| വർക്കിംഗ് ഗ്രൂപ്പുകളുടെയോഗം | 25.10.2018 |
| ഗ്രാമസഭകൾ | 04.11.2018-20.11.2018 |
| സ്റ്റാന്റിംഗ് കമ്മിറ്റി | 03.12.2018 |
| വികസന സെമിനാർ | 06.12.2018 |
| പഞ്ചായത്ത് കമ്മിറ്റി അംഗീകാരം | 13.12.2018 |
| സ്പിൽ ഓവർ പദ്ധതി അംഗീകാരം | 04.06.2019 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 04.08.2019 |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് കൃത്യമായി പരിപാലിച്ചിട്ടില്ല.

സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസമാവുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിഗണയ്ക്ക് വരാതെയാണ്.

പ്രോജക്കുകൾ നടപ്പാക്കുന്നതിലെ കാലതാമസം കാരണം ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച പ്രോജക്കുകളിൽ 2018-19 സാമ്പത്തിക വർഷം ക്യൂ ബില്ലിൽ ഉൾപ്പെട്ട പ്രോജക്കുകൾ, സർക്കാർ പ്രോജക്കുകൾ (ലൈഫ് ഭവന പദ്ധതിവായ്പ, അംഗൻവാടി ഹെൽപ്പർമാർക്ക് അധികവേതനം) എന്നിവ ഒഴിവാക്കിയാൽ 42 ശതമാനം മാത്രമേ പൂർത്തീകരിച്ച് ചെലവ് നടത്തുന്നതിന് സാധിച്ചിട്ടുള്ളൂ. സർക്കാർ മാർഗ്ഗ നിർദേശം പാലിച്ച് സമയബന്ധിതമായി പ്രോജക്കുകൾ നടപ്പാക്കി ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ 2019-20 പദ്ധതിയിലെ 24 പ്രോജക്കുകൾ ക്യൂവിലേയ്ക്ക് മാറ്റേണ്ടതായി വന്നു. വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 8 പ്രോജക്കുകൾ ഒഴിവാക്കുകയും 26 പ്രോജക്കുകൾ ഭേദഗതി ചെയ്യുകയും 48 പ്രോജക്കുകൾ പുതുതായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 2019 ജനവരിയിൽ തന്നെ 2019-20 വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന കാലതാമസം കാരണമാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വരുന്നത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്കുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്കുകൾ | നടപ്പിലാക്കിയ പ്രോജക്കുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 1 | 1750700 | 50000 |
| വെറ്ററിനറി സർജൻ | 6 | 4 | 2548000 | 663000 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 5 | 5 | 1715350 | 1444036 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 300000 | 300000 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 18 | 12 | 38933500 | 4617800 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 2 | 3325000 | 1970370 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 2 | 1 | 1500000 | 100000 |
| സെക്രട്ടറി | 18 | 13 | 4999573 | 3917673 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | 2 | 1 | 290000 | 258500 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 105 | 63 | 27980206 | 16755028 |
| ആകെ | 165 | 103 | 83342329 | 30076407 |

പൊതുവിഭാഗത്തിലെ പ്രോജക്കുകളിൽ 59 ശതമാനവും പ്രത്യേകഘടകപദ്ധതിയിൽ 69 ശതമാനവും പട്ടികവർഗ്ഗ ഉപപദ്ധതിയിൽ 90 ശതമാനം നടപ്പാക്കിയിട്ടുണ്ട്. ഉല്പാദനമേഖലയിൽ 64 ശതമാനം പ്രോജക്കുകൾ നടപ്പാക്കിയിട്ടുണ്ട്. സേവനമേഖലയിലും പശ്ചാത്തല മേഖലയിലും യഥാക്രമം 69 ശതമാനവും 59 ശതമാനവും പ്രോജക്കുളാണ് നടപ്പാക്കിയിട്ടുള്ളത്.

### 1-5-1 ജി. ഒ പ്രോജക്കുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയില്ല

ലൈഫ് ഭവനപദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നും എടുത്ത ലോൺ തിരിച്ചടയ്ക്കുന്നതിന് വികസന ഫണ്ടിന്റെ രണ്ട്, മൂന്ന് ഗഡുക്കളിൽ നിന്നും സർക്കാർ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം തുക കുറവ് ചെയ്തിരുന്നു.

| ഫണ്ട് | അലോട്ട്മെന്റിൽ നിന്നും കുറവ് ചെയ്ത തുക | പദ്ധതിയിൽ/വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുക | പദ്ധതിയിൽ/വാർഷിക കണക്കിൽ ഉൾപ്പെടുത്താത്ത തുക |
|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 705882 | 352941 | 352941 |

| | | | |
|---|---|---|---|
| വികസന ഫണ്ട്- എസ്.സി.പി | 28152 | 14076 | 14076 |
| വികസന ഫണ്ട്- ടി.എസ്.പി | 44118 | 22059 | 22059 |

ലൈഫ് ഭവനപദ്ധതിയുടെ ലോൺ തിരിച്ചടവ് വിവരങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്താത്തതിനാൽ വാർഷിക പദ്ധതി ചെലവിലും വാർഷിക കണക്കിലും ചെലവ് കുറവാണ് കാണിച്ചിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 29329.35 | 2663836 | 2693165.35 | 2692623 | 542.35 |
| 100 ദിവസം ഇൻസന്റീവ് | 0 | 1090000 | 1090000 | 1090000 | 0 |
| തൊഴിലാളികളുടെ കൂലി (വിദഗ്ധ തൊഴിലാളികൾ) | 0 | 50478896 | 50478896 | 50478896 | 0 |
| തൊഴിലാളികളുടെ കൂലി (അവിദഗ്ധ തൊഴിലാളികൾ) | 0 | 1977380 | 1977380 | 1977380 | 0 |
| സാധനങ്ങൾ | 0 | 10635724 | 10635724 | 10635724 | 0 |

| വർഷാരംഭത്തിൽ ഉണ്ടായിരുന്ന തൊഴിൽ കാർഡുകൾ- എണ്ണം | ഒഴിവായ കാർഡുകൾ | പുതുതായി നല്കിയ കാർഡുകൾ എണ്ണം | വർഷാവസാനമുള്ള ആകെ കാർഡുകൾ | തൊഴിൽ ആവശ്യപ്പെട്ടവർ/ ലഭിച്ചവർ | | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങൾ |
|---|---|---|---|---|---|---|---|
| | | | | കുടുംബങ്ങൾ | വ്യക്തികൾ | | |
| 3327 | 21 | 169 | 3475 | 2761 | 4554 | 179424 | 627 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1680 | 1 |
| കർഷക തൊഴിലാളി പെൻഷൻ | 5915700 | 194 |
| വിധവാ പെൻഷൻ | 1067400 | 384 |
| വാർദ്ധക്യകാല പെൻഷൻ | 2241000 | 1057 |
| വികലാംഗ പെൻഷൻ | 1370700 | 234 |
| അവിവാഹിത പെൻഷൻ | 60600 | 10 |

## 1-8 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.08.2021 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹22702/- (ഇരുപത്തിരണ്ടായിരത്തി എഴുന്നൂറ്റി രണ്ട് രൂപ മാത്രം) യുടെ നീക്കിയിരുപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ കാലികമായി എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. ആസ്തികൾ എല്ലാം തിട്ടപ്പെടുത്തുകയും പരിപാലനം കൃത്യമായി നടത്തുകയും ചെയ്യുന്നില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടുമാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തുന്നില്ല.

## 1-10 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല-വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല.

ഗ്രാമപഞ്ചായത്തിന്റെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ വ്യക്തമല്ല. ഒരേ ഏജൻസിയുടെ/സ്ഥാപനത്തിന്റെ പേരിൽ പല ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ജേണൽ എൻട്രികൾ മുഖേന ഒരു ശീർഷകത്തിൽ നിന്നും വ്യക്തമായ വിവരണം രേഖപ്പെടുത്താതെ മറ്റ് ശീർഷകങ്ങളിലേയ്ക്ക് തുകകൾ ക്രമീകരിച്ചിട്ടുണ്ട്. ഫണ്ടുകളുടെ വരവ് രേഖപ്പെടുത്തുമ്പോൾ കൃത്യമായ വിവരണം നൽകിയിട്ടില്ലാത്തതിനാൽ ഫണ്ടിന്റെ ഉറവിടം, ഉദ്ദേശ്യം എന്നിവ വ്യക്തമല്ല. കൂടാതെ, ചെലവുകൾ കൃത്യമായി രേഖപ്പെടുത്താതെ വർഷാവസാനം ഒരു ജേണൽ എൻട്രി മുഖേന ഇൻകം ഹെഡിലേയ്ക്കോ മറ്റ് ഹെഡിലേയ്ക്കോ തുക മാറ്റിയിരിക്കുകയാണ്.

| ക്രമ നം | ശീർഷകം | തുക |
|---|---|---|
| 1 | 160100799 | 8568 |
| 2 | 320100121 | 205429 |
| 3 | 320100115 | 195109 |
| 4 | 320200316 | 4581 |
| 5 | 320300102 | 523577 |
| 6 | 320300199 | 8418130 |
| 7 | 320700404 | 207200 |
| 8 | 320800199 | 350000 |
| 9 | 320900299 | 10500 |

മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല.

| ക്രമ നം | ഹെഡ് | വൗച്ചർ നം | തിയതി | തുക |
|---|---|---|---|---|
| 1 | 320100115 | 41900101 | 23.07.2019 | 122,521 |
| 2 | 440500101 | 41900102 | 23.07.2019 | 1,230,000 |
| 3 | 440500101 | 41900103 | 23.07.2019 | 760,000 |
| 4 | 440500101 | 41900104 | 23.07.2019 | 400,000 |
| 5 | 440500101 | 41900105 | 23.07.2019 | 360,000 |
| 6 | 280800501 | 41900106 | 23.07.2019 | 141,674 |
| 7 | 320300199 | 41900110 | 23.07.2019 | 287,139 |
| 8 | 411200101 | 41900111 | 23.07.2019 | 676 |
| 9 | 411200101 | 41900112 | 23.07.2019 | 97,685 |
| 10 | 411300101 | 41900113 | 23.07.2019 | 294,054 |
| 11 | 411300101 | 41900114 | 23.07.2019 | 316,225 |
| 12 | 411300101 | 41900115 | 23.07.2019 | 236,867 |
| 13 | 411300101 | 41900116 | 23.07.2019 | 14,486 |
| 14 | 411300101 | 41900117 | 23.07.2019 | 11,208 |
| 15 | 411800101 | 41900118 | 23.07.2019 | 37,996 |
| 16 | 411320101 | 41900119 | 23.07.2019 | 68,020 |
| 17 | 411320101 | 41900120 | 23.07.2019 | 35,550 |
| 18 | 411330101 | 41900121 | 23.07.2019 | 31,225 |
| 19 | 411500101 | 41900122 | 23.07.2019 | 87,095 |
| 20 | 411600101 | 41900123 | 23.07.2019 | 22,660 |
| 21 | 411700101 | 41900124 | 23.07.2019 | 126,351 |
| 22 | 411600101 | 41900125 | 23.07.2019 | 100,587 |
| 23 | 411800101 | 41900126 | 23.07.2019 | 46,122 |
| 24 | 251300101 | 41900144 | 29.08.2019 | 800,000 |
| 25 | 251300101 | 41900145 | 29.08.2019 | 11,00,000 |
| 26 | 440500101 | 41900283 | 31.03.2020 | 840,000 |
| 27 | 440500101 | 41900284 | 31.03.2020 | 200,000 |
| 28 | 440500101 | 41900285 | 31.03.2020 | 550,000 |
| 29 | 440500101 | 41900286 | 31.03.2020 | 650,000 |

| | | | | |
|---|---|---|---|---|
| 30 | 251300101 | 41900287 | 31.03.2020 | 350,000 |
| 31 | 251300101 | 41900288 | 31.03.2020 | 150,000 |
| 32 | 251300101 | 41900289 | 31.03.2020 | 105,025 |
| 33 | 251300101 | 41900290 | 31.03.2020 | 450,000 |
| 34 | 251300101 | 41900291 | 31.03.2020 | 720,000 |
| 35 | 350800299 | 41900295 | 31.03.2020 | 565,104 |
| 36 | 440500101 | 41900307 | 31.03.2020 | 10,18,474 |
| 37 | 320300199 | 41900308 | 31.03.2020 | 22,00,000 |
| 38 | 320300199 | 41900309 | 31.03.2020 | 10,00,000 |
| 39 | 440500101 | 41900310 | 31.03.2020 | 420,000 |
| 40 | 440500101 | 41900311 | 31.03.2020 | 1,00,000 |
| 41 | 251300101 | 41900312 | 31.03.2020 | 6,90,000 |
| 42 | 160100799 | 41900318 | 31.03.2020 | 74,00,000 |
| 43 | 160100613 | 41900319 | 31.03.2020 | 122,521 |

ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ നടത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശിക ഡിമാന്റ്, കുടിശിക പിരിവ്, കുടിശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും വിവിധ ഹെഡുകളിലെ കുറക്ഷനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

## 1-13 വിവിധ വരവുകളുടെ ഡി.സി.ബി രജിസ്റ്ററുകളും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകളിലെ വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും രജിസ്റ്ററുകളിലെ തുകകളും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസമുണ്ട്.

| ഇനം | വാർഷിക കണക്കുകൾ | | | രജിസ്റ്റർ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തു നികുതി (ഗാർഹികം)-തൻവർഷം | 1563032 | 1058743 | 480275 | 1078333 | 927417 | 141318 |
| വസ്തു നികുതി (ഗാർഹികം)-കുടിശിക | 477810 | 477912 | 22656 | 521643 | 433480 | 101784 |
| വസ്തു നികുതി (ഗാർഹികേതരം) തൻവർഷം | 2347838 | 1546752 | 762939 | 1957508 | 1671933 | 241221 |
| വസ്തു നികുതി (ഗാർഹികേതരം)- കുടിശിക | 1551937 | 132794 | 1425466 | 401272 | 185675 | 260696 |
| ലൈബ്രറി സെസ് | - | 163119 | - | - | 167621 | |
| തൊഴിൽ നികുതി-ജീവനക്കാർ-തൻവർഷം | 443940 | 443940 | 0 | ഡി.സി.ബി തയ്യാറാക്കിയിട്ടില്ല | | |

| | | | | |
|---|---|---|---|---|
| വാടക-തൻവർഷം | 242032 | 156502 | 95070 | ഡി.സി.ബി തയ്യാറാക്കിയിട്ടില്ല |
| വാടക-കുടിശിക | 238771 | 98028 | 140743 | ഡി.സി.ബി തയ്യാറാക്കിയിട്ടില്ല |

ജീവനക്കാരുടെ തൊഴിൽ നികുതി, വാടക തുടങ്ങിയവയുടെ ഡി.സി.ബി തയ്യാറാക്കാത്തതിനും രജിസ്റ്ററുകളും വാർഷിക കണക്കുകളും തമ്മിൽ വ്യത്യാസം വന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-14 തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി-നികുതിയേതര സ്രോതസുകളിൽ നിന്നുമുള്ള വരുമാനം കൃത്യമായി തിട്ടപ്പെടുത്തി കാലഹരണപ്പെടാതെ പിരിച്ചെടുക്കുന്നതിൽ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ 03.09.2019-ലെ തീരുമാനം 3-1 പ്രകാരം വസ്തു നികുതി പിരിവ് കേവലം 34 ശതമാനം മാത്രം പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുള്ളതിനാൽ 100 ശതമാനമാക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ, നികുതി-നികുതിയേതര വരുമാനങ്ങൾ യഥാസമയം ഡിമാന്റ് ചെയ്യുന്നതിനും പിരിച്ചെടുക്കുന്നതിനും തുടർനടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തനത് വരുമാനം കൃത്യമായി നിർണ്ണയിച്ച് പിരിച്ചെടുക്കുന്നതിന് ഇടപെടലുകൾ നടത്തിയിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം 31.03.2020-ൽ 26.91 ലക്ഷം വസ്തു നികുതിയിനത്തിലും വാടകയിനത്തിൽ 2.35 ലക്ഷവും കുടിശിക പിരിഞ്ഞു കിട്ടുവാൻ അവശേഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്തി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-15 പൊരുത്തപ്പെടുത്തൽ പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57 ൽ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റുമെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണെന്നും അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58-ൽ സാമ്പത്തിക വർഷ കാലയളവ് അവസാനിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 2019 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷനും 2019-20 സാമ്പത്തിക വർഷാവസാന റിക്കൺസിലിയേഷനും നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-16 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2019-20 വർഷം ഈടാക്കിയതായി കാണുന്നില്ല . വിശദ വിവരങ്ങൾ ചുവടെ

| ഡിമാന്റ് രജിസ്റ്റർ ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 2 | സുമിത് ബേഡ്സ് വാലി റിസോർട്ട് & സ്പാ | II |
| 5 | സെന്റ് ജോസഫ് യു.പി സ്കൂൾ | I |
| 19 | ബ്രാക് നെൽ ഫോറസ്റ്റ് സർവ്വീസ് വില്ല | II |
| 20 | ഷെർവുഡ് ഫോറസ്റ്റ് സർവ്വീസ് വില്ല | II |
| 25 | പോസ്റ്റ് ഓഫീസ്, ബൈസൺവാലി | II |
| 29 | ബി.എസ്.എൻ.എൽ. | I & II |
| | | |

| | | |
|---|---|---|
| 30 | ഹോളി ഫാമിലി സ്കൂൾ | I & Ii |
| 31 | ടീ ചെറി വില്ല | I & II |
| 32 | വുഡ്പെക്കർ റിസോർട്ട് | I & II |
| 35 | കമേലിയ & ഇലട്ടേറിയ | II |
| 36 | ഗ്രീൻ സ്പൈസ് വില്ല | I & II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം.10/ തീയതി 13/08/2021) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാദ്ധ്യസ്ഥമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. തനതു വരുമാനം വളരെ കുറവായ പഞ്ചായത്തിൽ ലിസ്റ്റ് തയ്യാറാക്കി അർഹമായ തുക പിരിച്ചെടുക്കുന്ന വിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-17 വസ്തു നികുതി നിർണ്ണയത്തിൽ അപാകത

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് അപേക്ഷകർ തങ്ങളുടെ അപേക്ഷകളിൽ സമർപ്പിച്ചിരിക്കുന്ന വസ്തുതകൾ, സഞ്ചയയിലെ വസ്തുനികുതി നിർണ്ണയ രേഖകൾ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ, ഉപയോഗക്രമത്തിന് അനുസരിച്ച് യഥാർത്ഥത്തിൽ ഡിമാന്റ് ചെയ്യേണ്ട നികുതി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് വസ്തു നികുതി ഡിമാന്റ് ചെയ്തിരിക്കുന്നതെന്ന് കാണുകയുണ്ടായി. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| രജിസ്റ്റർ ക്രമ നം | കെട്ടിട ഉടമ/ ലൈസൻസി പേര് | വാർഡ്/ നം | ലൈസൻസ് ആവശ്യം | കെട്ടിടത്തിന്റെ വിസ്തീർണ്ണം, ച.മീ | നിർണ്ണയിച്ച അടിസ്ഥാന നികുതി നിരക്ക് ₹ | ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്തത് പ്രകാരം ബാധകമായ അടിസ്ഥാന നികുതി നിരക്ക് ₹ | തൻവർഷം കുറവ് വന്ന അടിസ്ഥാന വസ്തു നികുതി | നികുതി നിർണയിച്ച അർദ്ധ വർഷം |
|---|---|---|---|---|---|---|---|---|
| 13 | മാത്യു കുര്യൻ/ സനീഷ് കുമാർ | XIII/19 | ഹോളോബ്രിക്സ് നിർമ്മാണം | 110 | 10 | 40 | 110 (40-10) = 3300 | 2013-14, I |
| 64 | കുട്ടി ഗോപാലൻ / എം.ഡി കുര്യാക്കോസ് | XII/328 | സ്പാ | 71 | 7 | 90 (സ്പാ - നികുതി നിരക്ക് പഞ്ചായത്ത് നാളിതുവരെ വിജ്ഞാപനം ചെയ്തിട്ടില്ല. എന്നിരുന്നാലും ഏറ്റവും കുറഞ്ഞ തുകയായ 90 ഇവിടെ പരിഗണിക്കുന്നു | 71 (90-7) =5893 | 2013-14, I |
| 69 | രവിചന്ദ്രൻ | II/348 | റിസോർട്ട് | 356 | 40 | 90 | 356 (90-40) =17800 | 2013-14, I |
| 80 | പ്രദീപ്കുമാർ / മോൻസൺ ജോസ് | II/343 | റിസോർട്ട് | 298 | 7 | 90 | 298(90-7) = 24734 | 2013-14, I |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 82 | ഷാജി പൗലോസ് | XII/356 | ഹോം സ്റ്റേ | 89.7 | 7 | 40 | 89.7(40-7) =2960 | 2018-19, I |
| 84 | സി.ഡി തങ്കച്ചൻ | II/44 | ഹോം സ്റ്റേ | 290 | 7 | 40 | 290(40-7) =9570 | 2013-14, I |
| | | | | | | ആകെ | 64257 | |

ഏതാനം അപേക്ഷകൾ മാത്രം പരിശോധിച്ചപ്പോൾ കണ്ടെത്തിയ നഷ്ടതുകയാണിത്. മുൻവർഷങ്ങളിലും വസ്തുനികുതിയിനത്തിൽ നഷ്ടമുണ്ടായെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ടൂറിസം മേഖലയായ ഈ പഞ്ചായത്തിൽ നിരവധി റിസോർട്ടുകളും സർവ്വീസ് വില്ലകളും ഹോംസ്റ്റേകളും ഉണ്ട്. പലതും സ്പാ എന്ന ലൈസൻസ് ആവശ്യം വേണ്ടിവരുന്നതുമാണ്. പഞ്ചായത്ത് കമ്മിറ്റി യോഗം ചേർന്ന് , സർക്കാർ നിശ്ചയിച്ചിരിക്കുന്ന പരിധിക്കുള്ളിലുള്ള ഉചിതമായ നികുതി നിരക്ക് നിശ്ചയിക്കേണ്ടതാണ്. അപാകതകൾ സംബന്ധിച്ച അന്വേഷണ കുറിപ്പ് 9 തീയതി 13/08/2021 ന് മറുപടി ലഭ്യമാക്കിയില്ല.

അപാകത കണ്ടെത്തിയ കെട്ടിടങ്ങളുടെ നികുതി നിരക്കിലെ വ്യത്യാസം സഞ്ചയയിൽ ഉൾപ്പെടുത്തി ഡിമാന്റ് കൃത്യമാക്കേണ്ടതും അധിക ഡിമാന്റിന് സപ്ലിമെന്ററി ഡിമാന്റ് നോട്ടീസ് നല്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം മേൽ തുക നഷ്ടമായി കണക്കാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്. സഞ്ചയയിൽ ഉൾപ്പെടുത്തിയ എല്ലാ കെട്ടിടങ്ങളുടെയും നികുതി നിരക്കുകൾ ഉപയോഗക്രമത്തിനാനുപാതികമായാണോ നിർണ്ണയിച്ചിരിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. ലൈസൻസ് അപേക്ഷകളിൽ അപേക്ഷകൻ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടനമ്പർ കൃത്യമാണോ എന്നത് അന്വേഷണ റിപ്പോർട്ട് നല്കുന്ന ഉദ്യോഗസ്ഥനും സെക്ഷനും പരിശോധിക്കേണ്ടതാണ്.

## 1-18 വെറ്ററിനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ടെണ്ടർ നിരക്കിലും അധികം തുക നൽകി

| | |
|---|---|
| പദ്ധതി നം. | S0090/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | ₹ 125000/- |
| ചെലവ് | ₹ 125000/- |
| ബിൽ നം. തീയതി | BRN /910075200750143414 7/09.03.2020 |

വെറ്ററിനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയിൽ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സമർപ്പിച്ച മെഡി കെയർ ഫാർമസ്യൂട്ടിക്കൽസ്, പെരുമ്പാവൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് മരുന്ന് വാങ്ങിയിരിക്കുന്നത്. 21.1.2020 ലെ 8/20 നമ്പർ ടെണ്ടർ നോട്ടീസ് ഐറ്റം നം.3 പ്രകാരം ജി.എസ്.റ്റി ഉൾപ്പെടെയുള്ള തുകയാണ് ക്വോട്ട് ചെയ്യേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ തുക മാത്രമാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. ജി.എസ്.റ്റി സംബന്ധിച്ച് കുറിപ്പ് ചേർത്തിട്ടില്ല. എന്നാൽ സ്ഥാപനം ലഭ്യമാക്കിയ ഇൻവോയിസ് നം 8/4.3.2021 പ്രകാരം, ക്വോട്ട് ചെയ്ത നിരക്കിന് പുറമെ 14583/- രൂപ ജി.എസ്.റ്റി ഇനത്തിൽ അധികമായി മെഡി കെയർ ഫാർമസ്യൂട്ടിക്കൽസ്, പെരുമ്പാവൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1 തീയതി 11.08.2021) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ ₹14583/- നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-19 വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല

പഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്കായി തൻവർഷം വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. വൗച്ചർ നം 21900628, 26/11/19

    പഞ്ചായത്ത് ഓഫീസിലേയ്ക്ക് ലാഡർ – ₹4440/-

2. വൗച്ചർ നം 21900689, 17/12/19

പഞ്ചായത്ത് ഓഫീസിലേയ്ക്ക് വയർലെസ് മൗസ് – ₹ 800/-

3.വൗച്ചർ നം 21900911, 18/03/20

അസി.എഞ്ചിനീയർ ഓഫീസിലേയ്ക്ക് പ്രിന്റർ -₹12500/-

വാങ്ങുന്ന സാധനങ്ങൾ ഇൻവോയ്സ് നമ്പർ , തീയതി / കാഷ് ബിൽ നമ്പർ , തീയതി & മോഡൽ നമ്പർ/സീരിയൽ നമ്പർ ഉൾപ്പെടെ വ്യക്തമായും കൃത്യമായും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. തൻവർഷം വാങ്ങിയ സാധനങ്ങളുടെ സമഗ്രമായ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 1-20 പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ-തുക നിക്ഷേപിച്ചിട്ടും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി രണ്ട് പ്രോജക്ടുകളിൽ മരുന്നുകൾ വാങ്ങുന്നതിന് തുക മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിക്ഷേപിച്ചിട്ടും മുഴുവൻ തുകയുടെയും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നം. പേര്, അടങ്കൽ | ഫണ്ട് ഇനം | ബിൽ നം/ തിയതി | ചെലവ് തുക (₹) | ലഭിച്ച മരുന്നുകളുടെ തുക (₹) | ലഭിക്കുവാൻ അവശേഷിക്കുന്നത് (₹) |
|---|---|---|---|---|---|
| പി.എച്ച്.സി-ലേയ്ക്ക് മരുന്ന് വാങ്ങൽ (9/2019-20) ₹300000 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 6/2019-20, 11.11.2019 | 300000 | 128650 | 171350 |
| സാന്ത്വന പരിചരണം (128/2019-20) ₹340550/- | വികസന ഫണ്ട്- പൊതുവിഭാഗം | 7/2019-20, 11.11.2019 | 300500 | 6694 | 293806 |
| ആകെ | | | | | 465156 |

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ലഭിക്കുവാനവശേഷിക്കുന്ന മരുന്നുകളുടെ മൂല്യത്തിന് തുല്യമായ ₹ 465156-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 ഇ-ടെണ്ടർ- ടെണ്ടർ ഫാറവില പഞ്ചായത്തിന് ലഭിച്ചിട്ടില്ല

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം ഈ-ടെൻഡർ നടപടികളിലൂടെ ഒരു പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടെങ്കിലും അതിന്റെ ടെൻഡർ ഫോം വില ₹22288/-ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 വെറ്ററിനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ - വ്യവസ്ഥ പ്രകാരം അനുവദനീയമല്ലാത്ത ജി എസ് റ്റി തുക അധികമായി നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ, ബൈസൺവാലി ഗ്രാമപഞ്ചായത്ത്. |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) |
| പദ്ധതി നം | S0090/2020 |
| പദ്ധതി | വെറ്ററിനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ / ചെലവ് | ₹ 125000 / ₹125000 |
| ബിൽ നം /തീയതി | BRN-19100752007501434147/ 9.3.2020 |

മേൽ പദ്ധതി പ്രകാരം കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സമർപ്പിച്ച മെഡി കെയർ ഫാർമസ്യൂട്ടിക്കൽസ്, പെരുമ്പാവൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് മരുന്ന് വാങ്ങിയിരിക്കുന്നത്. 21.1.2020 ലെ 8/20 നമ്പർ ടെണ്ടർ നോട്ടീസ് ഐറ്റം നം.3 പ്രകാരം ജി.എസ്.റ്റി ഉൾപ്പെടെയുള്ള തുകയാണ് ക്വോട്ട് ചെയ്യേണ്ടത്. സ്ഥാപനം സർപ്പിച്ച ടെണ്ടറിൽ മരുന്നുകളുടെ വിലയാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. ജിഎസ് റ്റി അധികമായി നൽകണമെന്ന് കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ സ്ഥാപനം ലഭ്യമാക്കിയ ഇൻവോയിസ് നം 8/4.3.2021 പ്രകാരം, ക്വോട്ട് ചെയ്ത നിരക്കിന് പുറമെ 14583/- രൂപ ജി.എസ്.റ്റി ഇനത്തിൽ അധികമായി നൽകിയിട്ടുണ്ട്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1) മറുപടി നൽകിയില്ല. അധികമായി നൽകിയ 14583/- രൂപ നിരാകരിക്കുന്നു.

## ഭാഗം -4

### 4-1 വാർഷിക കണക്കുകൾ പരിശോധിച്ച വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റിനൊപ്പം പരിശോധിച്ചു | |

### 4-2 സംയുക്ത പദ്ധതികൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തൻവർഷം ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ്(₹) | ബാലൻസ്(₹) |
|---|---|---|---|---|
| അടിമാലി ബ്ലോക്ക് പഞ്ചായത്ത് | 35059 | സാന്ത്വന പരിചരണം(16/20) | 35059 | 0 |
| | 170370 | ശാരീരിക മാനസിക വെല്ലുവിളി | 170370 | 0 |

| | | | | |
|---|---|---|---|---|
| | | നേരിടുന്നവർക്ക് സ്കോളർഷിപ്പ് (7/20) | | |

## 4-3 നിക്ഷേപ പ്രവൃത്തികൾ

ഇല്ല

## 4-4 മൊബിലൈസേഷൻ മുൻകൂർ വിവരം

ഇല്ല

## 4-5 വായപ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹14950000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം/ തീയതി | വായ്പ തുക | വർഷാ രംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(സാധാ) 1019/09/ ത.സ്വ.ഭ.വ തീ.25.3.2009 | 0 | 1018474 | 1018474 | | 0 |
| ലൈഫ് ഭവന പദ്ധതി | സ.ഉ(കൈ)68/18/ ത.സ്വ.ഭ.വ തീ.18.5.18 | 14950000 | 6170000 | 778152 | | 20341848 |

ലൈഫ് ഭവന പദ്ധതി വായ്പ തിരിച്ചടവിനത്തിൽ ₹778132/- വികസനഫണ്ട് അലോട്ട്മെന്റ് തുകയിൽ നിന്നും കുറവ് ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത തിരിച്ചടവ് സാംഖ്യ അക്കൗണ്ടിൽ പ്രതിഫലിച്ചിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക ₹21120000/-യാണ്.

## 4-6 സ്ഥിര നിക്ഷപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹ 1746/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | തുക₹ | തുക ഒടുക്കിയ ആൾ | രസീത് നം/തീയതി |
|---|---|---|---|---|
| 2016-17 | 2(1) | 1746 | ശ്രീ ടി.വി സ്കറിയ | 119030102290/1.10.19<br>119030102291/1.10.19 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-1<br>2-3 | 2016-17 | അനുബന്ധം 3 & 4 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | തൽസ്ഥിതി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം ഭരണ വകുപ്പ് | നം./ തീയതി | തുക ₹ | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
| | 1997-98 | 25(2) | Dr. BENNAPPAN C. VETERINARY SURGEON | LF.13006/ CELL. SC2/2001, 27.5.2002 | 7150 | 6007/78, 6.1.2009 | | | | 7150 | 0 | |
| | 1997-98 | 27 | ROBERT CORREYA, HC, SECERETARY(Ic) | LF.13006/ CELL. SC2/2001, 27.5.2002 | 1000 | 26114/87, 25.4.2002 | | | | 1000 | 0 | |
| | 2003-04 | 3.4 (PART) | N.P.ADAM, ASST. ENGG. | LF.19644/ SP.CELL. SC2/2007, 24.10.2009 | 7794 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | 7794 | |
| | 2003-04 | 3.4 (PART) | K.J. JOSE, ASST. EXE. ENGG. | LF.19644/ SP.CELL. SC2/2007, 24.10.2009 | 7794 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | 7794 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹68865066 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹68288474 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹14583 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 465156 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-1 | | 14583 | ഡോ. തോമസ് മണവാളൻ, വെറ്ററിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-20 | 465156 | ശ്രീമതി ജിൻസി ജോസ്, മെഡിക്കൽ ഓഫീസർ |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ,മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും ഉദ്യോഗപ്പേരും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് സമയത്തെ ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. തോമസ് മണവാളൻ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, മുനിയറ, കൊന്നത്തടി ഗ്രാമപഞ്ചായത്ത് | മണവാളൻ ഹൌസ്, ആറ്റുപുറം, ആയിരൂർ പി ഒ എറണാകുളം - 683579 |
| ശ്രീമതി ജിൻസി ജോസ്, മെഡിക്കൽ ഓഫീസർ | പ്രൈമറി ഹെൽത്ത് സെന്റർ, ബൈസൺവാലി | |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 1996-97 | എൽ.എഫ്.ഐ-8/666/97,13.11.99 | 8 | PART-III-1,2, PART-IV-1,2,3,4,5,6 |
| 1997-98 | എൽ.എഫ്.ഐ-8/87/2001,01.02.2001 | 5 | 24, 25, 26, 27, 28 |
| 1998-99 | എൽ.എഫ്.ഐ-8/412/2000,19.07.02 | 7 | 20, 21, 22, 23, 24, 25, 27, |
| 1999-00 | എൽ.എഫ്.ഐ-8/375/2002,20.07.02 | 11 | 20(A)(B), 21, 22, 23, 24, 25, 26, 27, 28, 29 |
| 2000-01 | എൽ.എഫ്.ഐ-8/224/03,02.07.03 | 5 | 21, 23, 24, 26, 27 |
| 2001-02 | എൽ.എഫ്.ഐ-8/659/03,27.08.05 | 3 | 2.1, 2.2, 2.3, |

| | | | |
|---|---|---|---|
| 2002-03 | എൽ.എഫ്.ഐ-7/519/06,20.07.06 | 4 | 2.1, 3.1, 3.2, 3.3, |
| 2003-04 | എൽ.എഫ്.ഐ-7/794/07, 06.10.17/01.11.17 | 16 | 2.1, 2.2, 2.3, 2.4, 2.5, 2.6,<br>3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8(A)(B)(C), |
| 2004-05 | എൽ.എഫ്.ഐ-7/1046/08,18.4.09/ 30.09.09 | 11 | 2.1(A)(B)(C), 2.2(A)(B)(D),<br>3.1, 3.2, 3.3, 3.4, 3.5, |
| 2005-06 | എൽ.എഫ്.ഐ-7/12/2009,20.5.09/ 30.09.09 | 12 | 2.1, 2.2(A)(B)(C), 2.3, 2.4,<br>3.1, 3.2, 3.4, 3.5, 3.6, 3.7, |
| 2006-07 | എൽ.എഫ്.ഐ-7/717/2008,11.12.2008 | 6 | 2.2, 3.2, 3.3, 3.4, 3.5, 3.6 |
| 2007-08 | എൽ.എഫ്.ഐ-11/1211/2010,26.03.11 | 14 | 2-3(1),(2), 2.4, 2.5, 2.6, 2.7, 2.8, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7 |
| 2008-09 | എൽ.എഫ്.ഐ-11/1285/2012,21.01.2013 | 12 | 2.1, 2.2, 2.3, 2.4, 2.5, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7 |
| 2009-10 | എൽ.എഫ്.ഐ-11/1351/2012, 06.04.13/09.06.14 | 17 | 2-1, 2-2(A),(B), 2-3, 2-4, 2-5, 2-6(A),(B), 3-1, 3-2, 3-3, 3-4,3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, |
| 2010-11 & 2011-12 | എൽ.എഫ്.ഐ-11/550/2014,01.10.14 | 12 | 2.1, 2.2(A,B,C,D), 2.3, 2.4, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8,, |
| 2012-13 | എൽ.എഫ്.ഐ.-11/1260/2014,10.11.2014 | 13 | 2.1, 2.2, 2.3, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9, 3.10, |
| 2013-14 | നം.കെ.എസ്.എ-ഐ.ഡി.കെ-11/208/2016, 23.06.16 | 23 | 2.1, 2.2, 2.3, 2.4, 2.5, 2.6,<br>3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9, 3.10, 3.11, 3.12, 3.13, 3.14, 3.15, 3.16, 3.17, |
| 2014-15 | നം.കെ.എസ്.എ-ഐ.ഡി.കെ-11/142/2017, 04.02.17 | 9 | 2.1, 2.2, 2.3, 3.1, 3.2, 3.3, 3.4, 3.5, 3.6 |
| 2015-16 | നം.കെ.എസ്.എ-ഐ.ഡി.കെ-11/143/2017, 03.02.17 | 5 | 2.1, 2.2, 3.1,3.2,3.3, |
| 2016-17 | നം.കെ.എസ്.എ-ഐ.ഡി.കെ-11/1373/17, | 8 | 2.1, 2.2, 2.3, 2.4, 2.5, 3.1, 3.2, 3.3 |

| | | | |
|---|---|---|---|
| | 03.11.17 | | |
| 2017-18 | നം.കെ.എസ്.എ-ഐ.ഡി.കെ-11/1313/2018 07.01.2009 | 12 | 2-1,2-2,2-3,2-4,3-1,3-2, 3-3, 3-4,3-5,3-6,3-7,3-8 |
| 2018-19 | നം.കെ.എസ്.എ-ഐ.ഡി.കെ-11/652/2019,_തീയതി. 06.09.2019 | 11 | 1-12, 2-1, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 4-10 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്